20/09/22.

# സംസ്ഥാന വിവരാവകാശകമ്മീഷൻ കേരളം

## തിരുവനന്തപുരം-695 001

Email: sic.ker@nic.in

ഹർജി നമ്പർ **AP 2(1)/2022/SIC** തീർപ്പുകൽപ്പിച്ചുകൊണ്ടുള്ള നടപടിക്രമം

**File No.4/SIC-Gen4/2022**

സന്നിഹിതൻ

**ഡോ. വിശ്വാസ് മേത്ത, മുഖ്യ വിവരാവകാശ കമ്മീഷണർ**

**തീയതി : 2022 സെപ്റ്റംബർ 16**

ശ്രീ. രഞ്ജിത് എം.ദാസ്,
രഞ്ജിത് ഭവൻ,
വടക്കേവിള, ആട്ടുകാൽ,
ചുള്ളിമാനൂർ പി.ഒ.,
നെടുമങ്ങാട്, തിരുവനന്തപുരം - 695 541. } അപ്പീൽ ഹർജിക്കാരൻ

1. ശ്രീമതി. അനിതകുമാരി ആർ.,
   സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ &
   പ്രഥമാധ്യാപിക,
   വി.കെ. കാണി ഗവൺമെന്റ് ഹൈസ്കൂൾ,
   പനയ്ക്കോട്, തിരുവനന്തപുരം - 695 542.
2. ശ്രീ. മുഹമ്മദ് അലി പി.,
   പ്രധാനാധ്യാപകൻ,
   പി.ടി.എം. ഗവൺമെന്റ് ഹയർ സെക്കണ്ടറി സ്കൂൾ,
   വെള്ളൂർ, കോട്ടയം - 686 501.
3. ശ്രീമതി. റോസ് മേരി വി.ബി.,
   ഗവൺമെന്റ് ബോയ്സ് എച്ച്.എസ്.നെടുമങ്ങാട്,
   തിരുവനന്തപുരം.
4. അപ്പീൽ അധികാരി &
   ജില്ലാ വിദ്യാഭ്യാസ ഓഫീസർ,
   ജില്ലാ വിദ്യാഭ്യാസ ഓഫീസറുടെ കാര്യാലയം,
   ആറ്റിങ്ങൽ, തിരുവനന്തപുരം.

} എതിർകക്ഷികൾ

## അന്തിമ ഉത്തരവ്

മേൽ അപ്പീൽ ഹർജിയിൽ കമ്മീഷൻ 16.3.2022-ന് പുറപ്പെടുവിച്ച ഉത്തരവിന്റെ അടിസ്ഥാനത്തിൽ, ഹർജിക്കാരന്റെ വിവരാവകാശ അപേക്ഷയ്ക്ക് ഒന്നാം എതിർകക്ഷി മറുപടി നൽകിയിരുന്നില്ല എന്ന വീഴ്ചക്ക് പരാമർശിത കാലയളവിലെ ഒന്നാം എതിർകക്ഷിയായിരുന്ന ശ്രീ. മുഹമ്മദലി പി. കമ്മീഷൻ മുമ്പാകെ 23.3.2022-ന് ലഭ്യമാക്കിയ വിശദീകരണത്തിൽ ബോധിപ്പിച്ചത്, ഹർജിക്കാരന്റെ വിവരാവകാശ

അപേക്ഷ സ്കൂളിൽ ലഭിക്കുന്നത് 14.6.2021-നാണെന്നും ലോക്ക് ഡൗൺ കഴിഞ്ഞ് സ്കൂൾ പ്രവർത്തിച്ചത് 17.6.2021 മുതലാണെന്നും ശാരീരികാവശതകൾ കാരണം ജൂൺ 18-ന് അവധിയിൽ പ്രവേശിച്ചുവെന്നും തിരികെ സ്കൂളിലെത്തുന്നത് ജൂൺ 30-ന് ആയിരുന്നു എന്നും തുടർന്ന് കോട്ടയം പി.ടി.എം ഗവൺമെന്റ് ഹയർ സെക്കണ്ടറി സ്കുളിലേക്ക് സ്ഥലം മാറ്റം ലഭിച്ചതിനാൽ 1-ന് റിലീവ് ചെയ്തു എന്നുമാണ്. ജൂലൈ 1-ന് വിടുതൽ ചെയ്യുമ്പോൾ സ്കൂളിലെ സീനിയർ അസിസ്റ്റന്റായിരുന്ന ശ്രീമതി. റോസ്മേരി വി.ബി-ക്ക് ഫുൾ അഡീഷണൽ ചാർജ്ജോടുകൂടി ചുമതല കൈമാറിയിരുന്നു എന്നുമാണ്.

2. മേൽപ്പടി സ്കൂളിലെ നിലവിലെ സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസറും പ്രഥമാധ്യാപികയുമായ ശ്രീമതി. അനിതാകുമാരി ആർ. 26.5.2022 തീയതി സമർപ്പിച്ച റിപ്പോർട്ടിൽ പ്രസ്താവിച്ചത്, ഹർജിക്കാരൻ അപേക്ഷ സമർപ്പിക്കുന്ന കാലയളവിൽ ഹെഡ്മിസ്ട്രിസിന്റെ ചുമതല വഹിച്ചിരുന്ന ശ്രീമതി. റോസ് മേരി വി.ബിയിൽ നിന്നും വിശദീകരണം ആവശ്യപ്പെട്ടിരുന്നു എന്നും (ഇപ്പോൾ ജോലി ചെയ്യുന്ന നെടുമങ്ങാട് ബോയ്സ് ഹൈസ്കൂൾ ഹെഡ്മിസ്ട്രസ് മുഖാന്തിരം) ടിയാൾ വിശദീകരണം നൽകിയിട്ടുണ്ടെന്നുമാണ്.

3. ശ്രീമതി. റോസ്മേരി വി.ബി. നൽകിയ വിശദീകരണത്തിൽ ബോധിപ്പിച്ചിരിക്കുന്നത്, വി.കെ. കാണി ഗവൺമെന്റ് ഹൈസ്കൂളിൽ ടിയാൾ 10.6.2021 മുതൽ 9.7.2021 വരെയാണ് ജോലി നോക്കിയിരുന്നതെന്നും 1.7.2021 മുതലാണ് ഹെഡ്മിസ്ട്രസ്സിന്റെ ചുമതല ലഭിച്ചതെന്നും 7.6.2021 മുതൽ 23.6.2021 വരെ നെയ്യാറ്റിൻകര ഗേൾസ് എച്ച്.എസ്.എസ്-ൽ വാല്യുവേഷൻ ഡ്യൂട്ടിയിലായിരുന്നു എന്നും വാല്യുവേഷൻ ക്യാമ്പിൽ ആയിരുന്നതിനാലും കൊവിഡ് കൂടി നിൽക്കുന്ന സാഹചര്യമായതിനാലും സ്ത്രീ ആയതിനാലും 1.7.2021-ന് മുമ്പ് സ്കൂളിൽ എത്തിച്ചേരുന്നതിന് പ്രായോഗിക ബുദ്ധിമുട്ടുകൾ ഉണ്ടായിരുന്നു എന്നും അഡ്മിഷൻ പ്രവർത്തനങ്ങൾ നടക്കുന്നതിനാലും കൊവിഡ് കൂടി നിൽക്കുന്ന സമയമായതിനാലും 1.7.2021 മുതൽ വളരെ തിരക്ക് പിടിച്ച സമയമായിരുന്നു എന്നതിനാലും രജിസ്റ്ററിൽ രേഖപ്പെടുത്തിയിരുന്നതായി കാണാത്തതിനാലും മറുപടി കൊടുക്കാൻ സാധിച്ചില്ലെന്നും ആയത് നിരുപാധികം മാപ്പാക്കണമെന്നുമാണ്.

4. കമ്മീഷൻ നേരിൽ കേട്ടവേളയിൽ, ഇപ്പോഴത്തെ എസ്.പി.ഐ.ഒ ശ്രീമതി. അനിതാകുമാരിയും (എച്ച്.എം), പരാമർശിത കാലയളവിലെ എസ്.പി.ഐ.ഒ ശ്രീ. മുഹമ്മദലി (എച്ച്.എം), അന്നത്തെ സിനീയർ അസിസ്റ്റന്റായ ശ്രീമതി. റോസ് മേരി വി.ബി. എന്നിവർ ഹാജരായിട്ടുള്ളതുമാകുന്നു. ടി എതിർകക്ഷികളെ നേരിൽ കേട്ട വേളയിൽ ബോധിപ്പിച്ച വസ്തുതകൾ കമ്മീഷൻ വിശദമായി പരിശോധിക്കുകയുണ്ടായി. ടി എതിർകക്ഷികൾ കമ്മീഷൻ മുമ്പാകെ ബോധിപ്പിച്ച വിശദീകരണം പരിശോധിച്ചതിൽ

ടിയാളുകളുടെ ഭാഗത്തു നിന്നും മന:പൂർവ്വമായ വീഴ്ച ഉണ്ടായിട്ടില്ല എന്ന് കമ്മീഷന് ബോദ്ധ്യമായി. ആയതിന്റെ അടിസ്ഥാനത്തിൽ ഭാവിയിൽ വിവരാവകാശ അപേക്ഷകൾ കൈകാര്യം ചെയ്യുമ്പോൾ കാലതാമസം, നടപടി ക്രമത്തിലെ വീഴ്ച എന്നിവ വരുത്തരുതെന്ന് താക്കീത് നൽകികൊണ്ട് എതിർകക്ഷികൾക്കെതിരെയുള്ള നടപടികൾ കമ്മീഷൻ അവസാനിപ്പിക്കുന്നു.

5. മേൽ പ്രസ്താവിച്ച പ്രകാരം, ഈ അപ്പീൽ ഹർജി തീർപ്പാക്കി ഇന്നേ ദിവസം 2022 സെപ്റ്റംബർ 16 -ാം തീയതി കമ്മീഷൻ ഉത്തരവ് പുറപ്പെടുവിക്കുന്നു.

**ഒപ്പ്**

ഡോ: വിശ്വാസ് മേത്ത
മുഖ്യ വിവരാവകാശ കമ്മീഷണർ

STATE INFORMATION COMMISSION KERALA

സാക്ഷ്യപ്പെടുത്തിയ പകർപ്പ്

കമ്മീഷൻ സെക്രട്ടറി

bnk